
# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം • മാർച്ച് 2011



- ഭീകരവിരുദ്ധവാദം സ്തീകളെ പിടിച്ചപ്പോൾ സിനിമയിലെ മുസ്ലീം സ്ത്രീ പ്രതിനിധാനം
- സീറോബഡ്ജറ്റ് പ്രകൃതിദത്തഫാമിംഗ്: ബദൽ കാർഷിക സംസ്കാരവും വെല്ലുവിളികളും
- തോൽപ്പാവയുടെ കൺതുറപ്പുദർശനം




# വയനാട്ടിൽ നിലനിന്ന ആദിവാസി അടിമത്തവ്യവസ്ഥ

**ഡോ. അസീസ് തരുവണ**

അടിയാള ജീവിതത്തിന്റെ നരകപഥങ്ങളിലൂടെ നൂറ്റാണ്ടുകളെ അതിജീവിച്ച ജനവിഭാഗങ്ങളാണ് കേരളത്തിലെ ആദിവാസികൾ. കൊടിയ ചൂഷണത്തിന്റെയും അതിരറ്റ മനുഷ്യാവകാശ ലംഘനങ്ങളുടെയും ചരിത്രമാണ് പല ആദിവാസിവിഭാഗങ്ങൾക്കും ഭൂതകാലം. സ്വച്ഛന്ദമായ ജീവിതം നയിച്ചിരുന്ന തങ്ങളെ പലവിധ ചതികളിൽപ്പെടുത്തി അടിമകളാക്കി മാറ്റിയതിനെക്കുറിച്ചുള്ള കരളലിയിക്കുന്ന ഐതിഹ്യങ്ങൾ ഒട്ടേറെ ആദിവാസിവിഭാഗങ്ങൾക്കിടയിൽ തലമുറകൾ കൈമാറി ഇന്നും നിലനിൽക്കുന്നുണ്ട്. ചില ആദിവാസിവിഭാഗങ്ങൾക്കിടയിൽ തങ്ങൾ നിതാന്ത അടിമകളായി തുടരേണ്ടതിന്റെ 'ആവശ്യകത' അരക്കിട്ടുറപ്പിക്കുന്നതിനായി മേലാളന്മാർ അടിച്ചേൽപ്പിച്ച വിശ്വാസങ്ങൾ അബോധതലത്തിലെങ്കിലും ഇന്നും അവശേഷിക്കുന്നണ്ട്. കേരളീയ നവോത്ഥാനത്തിനോ ആധുനികതയുടെ മലവെള്ളപ്പാച്ചിലിനോ തകർക്കാനാവാത്തതാണ് അത്തരം വിശ്വാസങ്ങളും മിത്തുകളും.

തങ്ങൾ അടിമകളായി മാറിയതിനെപ്പറ്റിയുള്ള വയനാട്ടിലെ അടിയവിഭാഗത്തിന്റെ വിശ്വാസം, ആദിവാസികൾക്കിടയിൽ ആര്യാധിനിവേശവും സവർണ്ണമേൽക്കോയ്മയും കൊടിനാട്ടിയതിന്റെ കൃത്യമായ ചിത്രമാണ് വരച്ചുകാട്ടുന്നത്; ഇത് മറ്റു ആദിവാസിവിഭാഗങ്ങളുടെ അടിയാളവൽക്കരണത്തിന്റെ കൂടി വംശഗാഥയാണ്. തങ്ങൾ നീതിമാനായ മാവേലിത്തമ്പുരാന്റെ മക്കളാണെന്ന് വിശ്വസിക്കുന്ന അടിയാന്മാർ, കാലാന്തരത്തിൽ അടിമകളായിമാറിയതിന്റെ 'ചരിത്രം' ഇങ്ങനെ അനാവരണം ചെയ്യുന്നു:

"പണ്ട് അടിയാന്മാർ അടിമകളായിരുന്നില്ല എന്നല്ല, അന്ന് ആരും അടിമകളായിരുന്നില്ല. അടിമയും ഉടമയും ഇല്ലായിരുന്നു. മാവേലിയുടെ കാലമായിരുന്നു അത്. കാടുവെട്ടി വിത്തിറക്കി കൃഷി ചെയ്തും ചെറുമൃഗങ്ങളെ വേട്ടയാടിപിടിച്ചും അവർ ജീവിച്ചു. മാവേലിമന്റുവായിരുന്നു മന്റു കാരണവർ. അക്കാലത്ത് മനുഷ്യർക്കിടയിൽ ജാതികളില്ലായിരുന്നു. മന്റ മക്കൾ



അങ്ങനെ ആഹ്ലാദത്തോടെ ജീവിച്ചുകൊണ്ടിരിക്കെ മനുഷ്യരുടെ കള്ളച്ചിരിയുമായി മൂന്ന് കള്ളതമ്പുരാക്കന്മാർ അവിടേക്കു വന്നു. മന്റ കാരണവരായ മഹാബലി അവരെ ഹൃദയം തുറന്നിരുത്തി. തക്കം കിട്ടിയനേരത്ത് കള്ളതമ്പുരാക്കന്മാർ ചതികാട്ടി. മണ്ണും മന്റേം കൈക്കലാക്കി. ചതി എന്തെന്നറിയാത്ത മന്റകാരണവർ മണ്ണും മന്റവും തിരിച്ചുചോദിച്ചു. കള്ളതമ്പുരാക്കന്മാർ അവരുടെ തനിനിറം കാട്ടി. അവർ കാരണവരെ ചുണ്ണാമ്പുപാത്രം കൊണ്ട് മൂക്കിലിടിച്ചു വീഴ്ത്തി. മഹാബലിയുടെ മൂക്കിലൂടെ രക്തം ചീറ്റി. മാവേലി പിടഞ്ഞുമരിച്ചു. മന്റമക്കൾ പേടിച്ചുവിറച്ചു. അവർ നാലുപാടും ഓടാൻ തുടങ്ങി. തമ്പുരാക്കന്മാർ അവരെ തടഞ്ഞുനിർത്തി. ഭീഷണിപ്പെടുത്തി. അവരെ അകറ്റിതമ്മിലടിപ്പിച്ചു. മന്റമക്കളെ പലതായി തിരിച്ചു. അങ്ങനെ നൂറ്റെട്ടു ജാതികളുണ്ടായി. അവരെ പരസ്പരം കാണാനും തൊടാനും പറ്റാത്തവിധം അകറ്റി. തമ്പുരാക്കൾ അവരുടെ ആധിപത്യം ഉറപ്പിച്ചു. അവർ പറഞ്ഞു: 'കേട്ടോളി നായിന്റെ മക്കളെ, വിരാടുപുരുഷന്റേതാണീ ലോകം. ഞങ്ങൾ വിരാടുപുരുഷന്റെ വായിൽനിന്നും കൈകളിൽ നിന്നും നെഞ്ചിൽനിന്നും പിറന്നവരാണ്. നിങ്ങൾ ഞങ്ങളുടെ അടിമകളാണ്, ഞങ്ങൾ നിങ്ങളുടെ ഉടമകളാണ്. ഞങ്ങൾ പറയുന്നത് ചെയ്യുന്നതാണ് നിങ്ങളുടെ പണി. മന്റ മക്കൾ അതൊന്നും കേട്ടതായി ഭാവിച്ചില്ല. അവർക്ക് ജയ് വിളിച്ചില്ല. അവർ പറയുന്നതൊന്നും ചെയ്തില്ല. അപ്പോൾ കള്ളത്തമ്പുരാക്കന്മാർ പലതും പറഞ്ഞു പേടിപ്പിച്ചു. വാള് ചുഴറ്റി കുന്തമെറിഞ്ഞു. മന്റമക്കൾ അതൊന്നും കാര്യമാക്കിയില്ല. ഒടുവിലവർ നാവിൽ നിന്ന് ചോര ഇറ്റുന്ന, കണ്ണിൽ നിന്ന് തീ പാറുന്ന, രൗദ്രരൂപിണിയായ മാളിയെക്കൊണ്ടുവന്നു. അനുസരിക്കാത്തവരെ മാളി പിടിച്ചുതിന്നുമെന്ന് പേടിപ്പിച്ചു. മാളിയിറങ്ങിയതോടെ കൊടുങ്കാറ്റടിച്ചു. ഇടിവെട്ടി. മിന്നൽപിണറുകൾ അന്തരീക്ഷത്തെ ഭയാനകമാക്കി. അതോടെ മന്റമക്കൾ പേടിച്ചുവിറച്ചു. നിലവിളിച്ചു. രക്ഷിക്കണേ എന്നു കേണു. എന്തുഫലം? മാളി പിടിച്ചുതിന്നുമെന്ന് അവർക്കുറപ്പായി. അങ്ങനെ അവർ കള്ളത്തമ്പുരാക്കന്മാരുടെ അടുത്തേക്ക് ഓടിച്ചെന്നു. പറയുന്നതെന്തും ചെയ്യാമെന്ന് അവർ തമ്പുരാക്കളോട് ശപഥം ചെയ്തു. അങ്ങനെ അവർ തമ്പുരാക്കൾ പറയുന്നതെന്തും ചെയ്യുന്ന അടിമകളായി'. അടിമത്തവൽക്കരണത്തിന്റെയും ആര്യാധിനിവേശത്തിന്റെയും മാത്രമല്ല പ്രാചീനമായ സ്ഥിതി സമത്വത്തിന്റെകൂടി ചിത്രമാണ് ഈ ഐതിഹ്യം പങ്കുവെക്കുന്നത്.


കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയർ, തങ്ങളുടെ ആദിമാതാപിതാക്കളെ ഇപ്പിമല കൗണ്ടർ എന്ന തമ്പ്രാൻ വലവെച്ച് പിടിച്ച് അടിമകളാക്കിയതായി വിശ്വസിക്കുന്നു. പണിയരുടെ വിശ്വാസങ്ങളിൽ, അവരെ നിതാന്ത അടിമകളാക്കുന്നതിനുവേണ്ടി മേലാളന്മാർ സൃഷ്ടിച്ച വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. പണിയ വിശ്വാസമനുസരിച്ച് മരണാനന്തരം എല്ലാവരും 'കീഴുര്' ലോകത്ത് എത്തിച്ചേരും. ഇഹലോകത്തെ തങ്ങളുടെ ഉടമകളായ ജന്മിമാരും ഭൂവുടമകളും അവിടെയും ഉണ്ടായിരിക്കും. പണിയർ കീഴുർ ലോകത്ത് അവരുടെ അടിമകളായിരിക്കും. ഇഹലോകജീവിതകാലത്ത് തങ്ങളുടെ ഉടമകൾ പറയുന്ന കാര്യങ്ങളെല്ലാം മുറതെറ്റാതെയും മുറുമുറുപ്പില്ലാതെയും അനുസരിച്ചാൽ കീഴൂർ ലോകത്ത് ബുദ്ധിമുട്ടുകളില്ലാതെ ജീവിച്ചുപോകാം. അനുസരണക്കേടുകാണിച്ചാൽ

കീഴുർലോകത്ത് അതികഠിനമായ ജീവിതം തുടരേണ്ടിവരും - ഈ വിശ്വാസം പണിയരെ അനുസരണയുള്ള അടിമകളാക്കി നിലനിർത്താൻ മേലാളന്മാർ സൃഷ്ടിച്ചതാവണം. കേരളത്തിലെ നിരവധി ആദിവാസിവിഭാഗങ്ങൾക്കിടയിൽ ഇത്തരം സങ്കൽപ്പങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നുണ്ട്. ഇത്തരം വിശ്വാസങ്ങൾ നിലനിൽക്കുന്ന സമൂഹങ്ങളിൽനിന്നും ചെറുത്തുനിൽപ്പുകളോ വിയോജിപ്പുകളോ ഉണ്ടാവുകയില്ലെന്ന് മേലാള കുടില ബുദ്ധികൾക്കറിയാം.

കേരളത്തിൽ അടിമത്തവൽക്കരണം ആദിവാസികൾക്കുമേൽ മാത്രമല്ല അടിച്ചേൽപ്പിച്ചിരുന്നത്. കീഴാള, ദളിത് സമൂഹങ്ങൾക്കുമേൽ ഈ കിരാതമായ അതിക്രമം നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. പുലയരേയും പറയരേയും അടിമളാക്കിക്കൊണ്ടുള്ള നിരവധി ആധാരരേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്. അവരെ എന്തുചെയ്യുവാനും ഉടമകൾക്ക് അവകാശമുണ്ടായിരുന്നു. വാലങ്കര ദേശത്തു പൂത്തൂത്തറെ വീട്ടിൽ കുടിയിരിക്കും മത്തെടത്ത നാരായണൻ അതേ ദേശത്തു തൊപ്പിനാലിൽ വീട്ടിൽ കുടിയിരിക്കും കൊരക്കേണികൊല്ലത്തു മാത്തുണ്ണിക്കു വിൽക്കുന്ന 1788-ലെ ഒരു വിലയാധാരകരണത്തിൽ ഇങ്ങനെ കാണുന്നു' "മൂത്തെടത്തെ നാരായണൻ ഇട്ടിക്കതിരുവിള്ള ഒള്ള തന്നടിയാര് പുലെയാൾ വകെയിൽ.............പൊലിന്നയായെന്ന പെലയിയെയും അവൾപെറ്റ പെറും മക്കളെയും കൂടെ ഇമ്മാർക്കമേ ഇ ആൾ ·വിക്കിൽ വെലക്ക്, കെട്ടുകിൽ കെട്ടുമാറും പൂട്ടുകിൽ പൂട്ടാമാറും കൊല്ലുകിൽ കൊലക്കമാറും തലയും കുലയും അടക്കി വെലെമാകെ എഴുതിക്കൊടുത്തത്"[2].

കൊല്ലണമെങ്കിൽ കൊല്ലാനും വിൽക്കണമെങ്കിൽ വിൽക്കാനും ഈ ആധാരം മുഖേന ഉടമക്ക് അവകാശമുണ്ട്. കൊല്ലാനുള്ള അധികാരമുണ്ടെങ്കിൽ മറ്റധികാരങ്ങൾ പറയേണ്ടതില്ലല്ലോ. എന്നിട്ടും ഈ രേഖയിൽ 'പൂട്ടുകിൽ പൂട്ടാമാറും' എന്തു പ്രത്യേകം കാണുന്നു. ഉഴുവാൻ മൃഗങ്ങൾക്കുപകരം കലപ്പ കഴുത്തിലേന്തലാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ചന്തയിൽ നിന്ന് വാങ്ങുന്ന നാൽക്കാലിമൃഗത്തോടെന്നപോലെ ഈ ജനതയോടും പെരുമാറിയിരുന്നു എന്നതിന്റെ തെളിവുകൂടിയാണ് ഈ ആധാരം.

ഫ്രാൻസിസ് ബുക്കാനൻ, കേരളത്തിലെ പറയരടക്കമുള്ള കീഴാള സമുദായത്തിന്റെ അടി



മത്താവസ്ഥയെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലെ അടിമച്ചന്തകളിൽ അവർക്ക് നിശ്ചയിച്ചിരുന്ന വിലനിലവാരവും അടിമക്കച്ചവടത്തിലെ ചില വ്യവസ്ഥകളും ഇങ്ങനെയായിരുന്നു. 'മണപ്പുറത്ത് ഏകദേശം 30 വയസ്സായ ഒരടിമക്ക് 100 പണം വിലകിട്ടും. അതായത് 2 പവൻ 14 ഷി 7പെൻസ്. ഭാര്യയോടുകൂടിയാണെങ്കിൽ ഇതിന്റെ ഇരട്ടിവില കിട്ടും. അടിമകിടാങ്ങളെ 15മുതൽ 40 പണത്തിനാണ് കച്ചവടം നടത്താറ്. ഇംഗ്ലീഷ് നാണ്യയളവിൽ ഇത് 8 ഷി രണ്ടര പെൻസ് മുതൽ 21 ഷി 10 പെൻസ് വരെ. പണിയെടുക്കുന്ന അടിമക്ക് നിത്യേന ഒരു പറ പരുക്കൽ നെല്ലിന്റെ (വയ്ക്കോൽ നെല്ല്) പത്തിൽ മൂന്നംശം ലഭിക്കുന്നു. അതായത് ആണ്ടിൽ ഏകദേശം മുപ്പത്തിയാറര ബുഷൽ നെല്ല് കിട്ടുന്നു. എണ്ണ വാങ്ങുവാൻ വർഷാന്തം ഒരു പണവും കഷ്ടിച്ച് അര മറക്കുവാനുള്ള തുണി വാങ്ങുവാനായി ഒന്നര പണവും ഒരു അടിമക്കു കിട്ടുന്നു. വളരെ ഉഷാറും ജാഗ്രതയുമുള്ള അടിമയാണെങ്കിൽ തുണി വാങ്ങുവാൻ രണ്ട് പണവും കൊയ്ത്തുകാലത്ത് അഞ്ചാറുപറ നെല്ലും കൊടുക്കുന്നു. വയസ്സന്മാർക്കും കുട്ടികൾക്കും അവർ ചെയ്യുന്ന ജോലിയുടെ ഏറ്റക്കുറച്ചിലനുസരിച്ച് ഇതിന്റെ മൂന്നിലൊന്നോ മൂന്നിൽ രണ്ടോ ഭാഗമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ചെറുമർ എന്നു പറയപ്പെടുന്ന അടിമകളാണ് നിലങ്ങളിൽ വേണ്ടിവരുന്ന ഏറിയ ജോലികളും ചെയ്യുന്നത്. ഈ അടിമകൾ ദേവർകളായ ഉടമകളുടെ സർവവിധ അവകാശങ്ങളുമുള്ള സ്വകാര്യസ്വത്താണ്. അവരുടെ മേലാളന്മാർ ആഗ്രഹിക്കുന്ന ഏത് പണിക്കും



അവരെ ഉപയോഗിക്കുവാൻ സാധിക്കും. ഭൂമിയോട് ബന്ധപ്പെട്ടിട്ടുള്ളവരല്ല ഈ അടിമകൾ. അവരുടെ ഉടമകൾക്ക് ഇഷ്ടാനുസരണം അവരെ വിൽക്കുകയോ, കൈമാറ്റം ചെയ്യുകയോ ആവാം. എന്നാൽ ഭാര്യഭർത്താക്കന്മാരായ അടിമകളെ വെവ്വേറെ വിൽക്കുന്നത് നിഷിദ്ധമാണ്. എന്നാൽ കുട്ടികളെ മാതാപിതാക്കന്മാരിൽ നിന്നും സഹോദരന്മാരിൽ നിന്നും വേർപെടുത്തി ഒറ്റയൊറ്റയായി ക്രയവിക്രയം നടത്തുന്നതിന് അനുവാദമുണ്ട്. പറയർ, കണക്കന്മാർ, ഉള്ളാടന്മാർ, എറിലാളന്മാർ തുടങ്ങിയ ജാതിവിഭാഗത്തിൽപ്പെട്ടവരാണധികവും അടിമകൾ. ഈ ഓരോ ജാതിയും അനുഷ്ഠിച്ചുപോരുന്ന ആചാരങ്ങൾ വ്യത്യസ്തങ്ങളാണ്. വിവാഹസമ്പ്രദായത്തിലുള്ള വ്യത്യാസമനുസരിച്ച് ഓരോ ജാതിയിൽപ്പെട്ട അടിമകളുടെ സന്താനങ്ങളുടെ മേൽ ഉടമകൾക്കുള്ള അവകാശാധികാരങ്ങൾ അൽപ്പസ്വൽപ്പം വ്യത്യാസങ്ങൾക്ക് വിധേയമാണ്"[3].

അടിമത്തവ്യവസ്ഥിതി കേരളത്തിൽ മാത്രം നിലനിന്ന ഒരു പ്രതിഭാസമായിരുന്നില്ല; ഇന്ത്യയിലെമ്പാടും ഇത്തരത്തിൽ കീഴാള, ദളിത് വിഭാഗങ്ങളെ അടിമകളാക്കിയിട്ടുണ്ട്. ഹൈന്ദവ പുണ്യഗ്രന്ഥങ്ങളുടെ പ്രമാണ പിന്തുണ ഇതിനുണ്ടായിരുന്നു. ചാതുർവർണ്യത്തിലെ നാലാം വർണ്ണമായ ശൂദ്രനും വർണവ്യവസ്ഥക്കുപുറത്തുള്ള അവർണ്ണരും ആയിരത്താണ്ടുകളോളം അടിമത്തത്തിന് വിധേയരായവരാണ്. അക്കാലഘട്ടത്തിൽ യാതൊരുവിധ മനുഷ്യാവകാശങ്ങളും അവർക്ക് അനുവദിച്ചിരുന്നില്ല എന്നതിന് ഒട്ടേറെ തെളിവുകൾ നിരത്തുവാനാകും.

ചാതുർവർണ്യ വ്യവസ്ഥയിലെ നാലാം വർണക്കാരായ ശൂദ്രരോടുള്ള മനുവിന്റെ സമീപനം മാത്രം മതി പ്രാചീനഭാരതത്തിലെ കീഴാള ജനതയുടെ അടിമത്താവസ്ഥയുടെ കരാളതയറിയാൻ. ഉയർന്ന ജാതിക്കാരെ സേവിക്കാൻ ദൈവത്താൽ കൽപ്പിക്കപ്പെട്ടവരാണ് ശൂദ്രൻ എന്ന് മനു സിദ്ധാന്തിക്കുന്നു[4]. രാജാവ് വൈശ്യനോട് കച്ചവടം നടത്താനും പണം കടംകൊടുക്കാനും കൃഷിചെയ്യാനും കാലികളെ നോക്കാനും ശൂദ്രനോട് ഉയർന്ന മൂന്ന് വർണ്ണങ്ങൾക്കും അടിമവേല ചെയ്യുവാനും ആജ്ഞാപിക്കണം[5] എന്ന് മനു ആവശ്യപ്പെടുന്നു. തന്റെ സാമ്രാജ്യത്തിൽ ശൂദ്രർ വേണ്ടപോലെ മറ്റ് മൂന്ന് വർണ്ണക്കാർക്കും അടിമവൃത്തി ചെയ്യുകയും അവരുടെ ആജ്ഞ അനുസരിക്കുകയും ചെയ്യുന്നതായി ശാന്തി പർവത്തിൽ ഒരു രാജാവ് ആത്മപ്രശംസ ചെയ്യുന്നുണ്ട്.[6]

ഗുപ്തകാലത്ത് അടിമകളെ അടിക്കാമായിരുന്നു, ചങ്ങലക്കിടാമായിരുന്നു.[7] അവർ വിശ്വസിക്കാൻ കൊള്ളാത്തവരാണെന്ന ധാരണ ഉണ്ടായിരുന്നു[8]. നിയമത്തിന്റെ കണ്ണിൽ അവർക്ക് സ്ഥാനമുണ്ടായിരുന്നില്ല[9]. പൊതു ഉടമസ്തതയിൽവെക്കാവുന്നതോ അവകാശികൾക്കിടയിൽ വീതിച്ചെടുക്കാവുന്നതോ[10] അവകാശികൾക്കിടയിൽ പാരമ്പര്യമായി വീതിച്ചെടുക്കാവുന്നതോ[11] ആയ ഒരു വക സ്വത്തായി അവർ ഗണിക്കപ്പെട്ടിരുന്നു. ശൂദ്രന് സ്വത്തവകാശമില്ലെന്ന മനുവിന്റെ വാദം നാരദനും കാത്യായനും അംഗീകരിക്കുകയും മനുവാദം ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്[12].

കീഴാള ജനതയെ പ്രാചീനകാലത്ത് അഭിസംബോധന ചെയ്തിരുന്നതുപോലും അവജ്ഞാപദങ്ങൾ ഉപയോഗിച്ചായിരുന്നു. മൃച്ഛകടികത്തിൽ താണജാതിക്കാരെ വിളിക്കുമ്പോൾ 'അടിമപ്പെണ്ണിന്റെ മക്കൾ', 'വെപ്പാട്ടിയുടെ പുത്രൻ', 'ജാരപുത്രൻ' എന്നിങ്ങനെയുള്ള ശകാരവാക്കുകൾ പ്രയോഗിച്ചതായി കാണാം.[13]

ഇതേ സമയം ശൂദ്രൻ ബ്രാഹ്മണനെപ്പറ്റി വല്ല ശകാരപദങ്ങളും പ്രയോഗിച്ചാൽ ശിക്ഷ എന്തായിരിക്കണമെന്നും മനു വിധിച്ചിട്ടുണ്ട്. ശൂദ്രൻ ഒരു ദ്വിജനെ വല്ലാതെ ഭർത്സനം ചെയ്താൽ അവന്റെ നാവ് പിഴുതെടുക്കണം[14]. ഒരു ശൂദ്രൻ ഒരു ദ്വിജന്റെ പേരോ ജാതിയോ അവ



പി.കെ. കാളൻ

ജ്ഞാപൂർവ്വം വിളിച്ചാൽ പത്ത് വിരൽ നീളമുള്ള ഒരു ഇരുമ്പാണി ചുട്ടുപഴുപ്പിച്ച് അവന്റെ വായിലേക്ക് കടത്തിവിടണം[15]. ശൂദ്രൻ ധാർഷ്ട്യത്തോടെ ബ്രാഹ്മണരെ മുറ പഠിപ്പിക്കാൻ മുതിർന്നാൽ രാജാവ് അവന്റെ കാതിലും വായിലും തിളച്ച എണ്ണ ഒഴിക്കണം[16]. ഈ കഠിന ശിക്ഷാമുറകൾ ധർമ്മോദ്ബോധനമുൾക്കൊണ്ട ബൗദ്ധ-ജൈന-ശൂദ്രർക്കും മേൽവർണ്ണക്കാരോട് തുല്യത അവകാശപ്പെടുന്ന ശൂദ്രർക്കും എതിരെ തിരിച്ചുവിട്ടിട്ടുള്ളതാണെന്ന് ജയസ്വാൾ ചൂണ്ടികാട്ടുന്നു[17].

ഒരൊറ്റകാര്യത്തിൽപോലും ജനങ്ങൾക്കിടയിൽ നീതിയും ധർമവും തുല്യതയും പ്രാചീനഭാരതത്തിൽ അംഗീകരിച്ചിരുന്നില്ല എന്നതിന്റെ മകുടോദാഹരണങ്ങളാണ് മുകളിൽ കൊടുത്ത ഉദ്ധരണികൾ. ഇത്തരമൊരു വ്യവസ്ഥ സമീപനൂറ്റാണ്ടുകൾവരെ ഇന്ത്യയിൽ നിലനിന്നിരുന്നു. സത്യത്തിൽ ആര്യ-ബ്രാഹ്മണ വിശുദ്ധ ഗ്രന്ഥങ്ങളുടെ പിന്തുണയുള്ള ഈ അടിമത്തവ്യവസ്ഥിതിയും ക്രൂരതയും കേരളത്തിലേക്കുവന്ന ആര്യ-ബ്രാഹ്മണ ശക്തികൾ ഇവിടെയും നടപ്പിലാക്കുകയായിരുന്നില്ലേ? ആര്യാധിനിവേശാനന്തരം പ്രാന്തവൽകൃതരും അധഃസ്ഥിതരുമായ പറയ, പുലയ, ഉള്ളാടൻ തുടങ്ങി ആദിവാസിവിഭാഗങ്ങൾവരെയുള്ളവരുടെ മേൽ അടിമത്തം അടിച്ചേൽപ്പിക്കുകയായിരുന്നില്ലേ? ആര്യാധിവേശം കേരളത്തിൽ സംഭവിക്കുന്നതിനുമുമ്പുള്ള നൂറ്റാണ്ടുകളിൽ കേരളീയ തദ്ദേശിയർക്കിടയിൽ അടിമത്ത സമ്പ്രദായം നിലനിന്നിരുന്നില്ല എന്നത് അതാണ് തെളിയിക്കുന്നത്. അക്കാലത്ത് പറയനും പുലയനും അടക്കമുള്ള വിഭാഗങ്ങൾ സമൂഹത്തിൽ ഉന്നതമായ സ്ഥാനമാനങ്ങൾ അലങ്കരിച്ചവരായിരുന്നുവല്ലോ.

കേരളത്തിൽ നവോത്ഥാനപ്രസ്ഥാനങ്ങളുടെയും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ശക്തമായ ഇടപെടലുകളിലൂടെയാണ് ഇരുപതാം നൂറ്റാണ്ടിൽ അടിമത്തവുമായും മേലാളവർഗ അധീശാധിപത്യവുമായും ബന്ധപ്പെട്ടു നിലനിന്നിരുന്ന അത്യാചാരങ്ങൾ ഒരുപരിധിവരെ കുഴിച്ചുമൂടപ്പെട്ടത്. അതേസമയം സ്വാതന്ത്ര്യാനന്തരവും കേരളത്തിൽ, ഒട്ടുമിക്ക ആദിവാസി വിഭാഗങ്ങളും അടിമത്തപരമായ ജീവിതമാണ് നയിച്ചിരുന്നത്. നൂറ്റാണ്ടുകളോളമായി തുടർന്നുവന്നിരുന്ന അടിമത്തരീതിക്ക് ചില മാറ്റങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധം മുതൽ ഉണ്ടായെങ്കിലും പൂർണ്ണമായും അവസാനിച്ചിരുന്നില്ല; എന്നല്ല അടിമത്തവ്യവസ്ഥയെ തന്ത്രപൂർവ്വം പുതുരൂപത്തിൽ നിലനിർത്തുകയായിരുന്നു, അധീശ്വവർഗം. ഉദാഹരണമായി, കേരളത്തിലെ ഏറ്റവും വലിയ ആദിവാസിവിഭാഗമായ പണിയരും, വയനാട്ടിലെ അടിയാന്മാരുമെല്ലാം നിദാന്ത അടിമകളായിരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവർ ഉടമകൾക്ക് കീഴ്പെട്ടാണ് ജീവിച്ചിരുന്നത്. അവരുടെ പാട്ടുകളിലും വാമൊഴികഥകളിലും അടിമത്തത്തിന്റെ അറ്റമില്ലായ്മ അവർആവിഷ്ക്കരിച്ചിട്ടുണ്ട്. അടിയാന്മാരുടെ പാട്ടുകളിലാണ് ഇത് വ്യക്തമായി കാണപ്പെടുന്നത്. ഗദ്ദിക കലാകാരനായിരുന്ന (മരണം - 2007 നവംബർ) പി.കെ. കാളൻ അടിയോരുടെ അടിമത്താവസ്ഥ വരച്ചുകാട്ടുന്ന ഒരു പാരമ്പര്യ പാട്ട് ഇങ്ങനെ പാടിത്തരികയുണ്ടായി;

"അയ്യന്റടിയാൻ നാങ്കളെ...
മമ്മുട്ടന്റടിയാൻ നാങ്കളെ...
മാന്റൽ അടിയാൻ നാങ്കളെ...
ചെട്ടിന്റടിയാൻ നാങ്കളെ...
നീറ്റിന്റടിയാൻ നാങ്കളെ..."

(ഞങ്ങൾ ദൈവത്തിന്റെ അടിമകൾ, തമ്പ്രാക്കളുടെ അടിമകൾ, മലകളുടെ അടിമകൾ, വയലിന്റെ അടിമകൾ, വെള്ളത്തിന്റെ അടിമകൾ) തങ്ങൾ അനുഭവിക്കുന്ന അടിമത്താവസ്ഥയ്ക്കെതിരെ ശബ്ദിക്കാൻപോലും കഴിയാത്തവിധം

ശാരീരികമായും മാനസികമായും ആത്മീയമായും അവർ അടിമകളായിരുന്നു. നൂറ്റാണ്ടുകളോളം തുടർന്ന ഈ ക്രൂരവ്യവസ്ഥിതിയെ ചോദ്യംചെയ്യാനും മാറ്റിമറിക്കാനും കേരളത്തിലെ ആദിവാസികൾക്കിടയിൽ നിന്നും കഴിഞ്ഞ നൂറ്റാണ്ടുകളിൽ വല്ല ശ്രമങ്ങളും നടന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നുമാത്രമല്ല, പുലയകുട്ടികൾക്ക് സ്കൂൾപ്രവേശന നൽകുന്നതിനെപ്പറ്റി ചർച്ചകൾ നടന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽപോലും ആദിവാസികളുടെ ജീവിതാവസ്ഥ ഒരു ചർച്ചാവിഷയമായിരുന്നില്ല.

ഇതേസമയം, നിയമംമൂലം അടിമത്തം നിരോധിക്കുവാനുള്ള ചില ശ്രമങ്ങൾ 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളത്തിലുണ്ടായിട്ടുണ്ട്. മലബാറിൽ 1843-ലും, തിരുവിതാംകൂറിൽ 1853-ലും കൊച്ചിയിൽ 1854-ലുമാണ് നിയമം മൂലം അടിമസമ്പ്രദായം നിരോധിച്ചത്. 1842-ൽ മലബാറിൽ മാത്രം 159000-ഉം തിരുവിതാംകൂറിൽ 989740-ഉം കൊച്ചിയിൽ 32668-ഉം അടിമകൾ ഉണ്ടായിരുന്നുവെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അന്ന് ഗവൺമെന്റിനു കീഴിലും അടിമകളുണ്ടായിരുന്നുവെന്നാണ് ചരിത്രം[18].

ഇത്തരത്തിലുള്ള അടിമത്തനിരോധനശ്രമങ്ങൾ നടക്കുമ്പോഴും കീഴാളരിൽ കീഴാളരായ ആദിവാസി അടിമകളുടെ അടിമത്തം ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. അവർ ചിത്രത്തിലേ ഉണ്ടായിരുന്നില്ല എന്ന് പറയുന്നതാവും ശരി. ഇന്നും കേരളത്തിലെ ആദിവാസികളുടെ പ്രാചീനകാലത്തെ അടിമത്തസമ്പ്രദായത്തെക്കുറിച്ചുള്ള കൃത്യമായ ചരിത്രം ലഭ്യമല്ല. എങ്ങനെ അവർ അടിമകളായി എന്നതും വ്യക്തമായ ചരിത്രരേഖകളില്ലാത്ത കാര്യങ്ങളാണ്. ആദിവാസികൾക്കിടയിൽ പ്രചാരത്തിലുള്ള ചരിത്രം കലർന്ന ഐതിഹ്യങ്ങളിൽനിന്നും പാരമ്പര്യ പാട്ടുകളിൽ നിന്നും ഇഴപിരിച്ചെടുക്കേണ്ട ഒന്നായ് ആദിവാസി അടിമത്ത ചരിത്രം അവശേഷിക്കുകയാണ്.

ആരംഭത്തിൽ ഉദ്ധരിച്ച, അടിയാന്മാർക്കിടയിൽ നിലനിൽക്കുന്ന മാവേലിയുടെ കഥയെക്കാൾ ചരിത്രാംശം കൂടുതലുള്ള, അടിമത്തം വിവരിക്കുന്ന ഒരു 'ചരിത്രകഥ' കുറുമർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ചരിത്രവസ്തുതകളുമായി ഏറെ ബന്ധമുള്ള ആ ഐതിഹ്യം ഇങ്ങനെയാണ്: ഒരു കാലത്ത് വയനാടുമുഴുവൻ ആദിവാസികളുടെതായ ഒരു രാജവംശം ഭരണം നടത്തിയിരുന്നു. വേടരാജവംശം. ഈ ഭരണകൂടത്തെ തകർക്കാൻ ചുറ്റുമുള്ള കോട്ടയം കുറുമ്പ്രനാടും കുമ്പളരാജാക്കന്മാരും ശ്രമിച്ചുപോന്നു. അക്കാലത്തൊരിക്കൽ കുമ്പള രാജകുമാരൻ കുളിച്ചുതൊഴാനെന്ന വ്യാജേന തിരുനെല്ലിക്ഷേത്രത്തിലെത്തിച്ചേർന്നു. ക്ഷത്രിയരാജകുമാരനെ സംശയിച്ച് വേടരാജാവിന്റെ പടയാളികൾ പിടിച്ചുതടവിലാക്കി; ഈ സമയം യുവകോമളനായ രാജകുമാരൻ വേടരാജാവിന്റെ മകളെ വിവാഹം കഴിച്ച് അവിടെ താമസിക്കാനൊരുക്കമാണെന്ന് വേടരാജാവിനെ അറിയിച്ചു. അങ്ങനെ കുമ്പള രാജകുമാരൻ സ്വതന്ത്രനായി. വിവാഹം ക്ഷത്രിയരുടെ ആചാരങ്ങൾക്കനുസരിച്ചുവേണം എന്ന് കുമ്പള രാജകുമാരൻ അറിയിച്ചു. ക്ഷത്രിയാചാരപ്രകാരം വിവാഹ ആഘോഷത്തിൽ പങ്കുകൊള്ളുന്നത് പട്ടാളക്കാരനായാലും നാട്ടുകാരായാലും കയ്യിൽ അമ്പും വില്ലും ഏന്താൻപാടില്ല. മംഗളമുഹൂർത്തത്തിൽ എല്ലാവരുടെയും അമ്പും വില്ലും ഒരു കുഴിയിലിട്ട് മൂടിവെക്കുകയാണ് നല്ലതെന്നും പ്രതിശ്രുതവരൻ ആഗ്രഹിച്ചു. ശുദ്ധനായ വേടരാജാവ് എന്തും സമ്മതിക്കുവാൻ തയ്യാറായിരുന്നു. ഒരു മാസത്തിനുശേഷമുള്ള സുദിനത്തിൽ വിവാഹം നടത്താനും നിശ്ചയിച്ചു. കുടിലതന്ത്രജ്ഞനായ കുമ്പള രാജകുമാരൻ അതിനിടക്ക് കോട്ടയം കുറുമ്പ്രനാട് രാജാക്കന്മാരോട് അവരുടെ നായർപടയാളികളോടുകൂടി അന്നുവന്ന് പൂതാടി കോട്ടക്കടുത്ത് ഒളിച്ചിരിക്കാൻ രഹസ്യമായി ഏർപ്പാടുചെയ്തു. വിവാഹദിനം വന്നുചേർന്നു. രാജകുമാരിയുടെ വിവാഹാഘോഷം പതിവുപോലെ പട്ടാളക്കാർക്കും നാട്ടുകാർക്കുമെല്ലാം മറ്റെല്ലാം മറന്ന് ആഹ്ലാദിക്കുവാനുള്ള അവസരമായിരുന്നു. ക്ഷത്രിയരുടെ ആചാരമനുസരിച്ച് വിവാഹമുഹൂർത്തമായാൽ ഒരറിയിപ്പെന്ന നിലയിൽ വാദ്യശബ്ദം മുഴക്കാനായി കുമ്പളരാജകുമാരൻ ഒരേറാടി യുവാവിനെ ഏർപ്പാടുചെയ്തിരുന്നു. അങ്ങനെ വാദ്യം മുഴങ്ങി. യഥാർത്ഥത്തിൽ ഈ വാദ്യശബ്ദം പൂതാടിക്കോട്ടക്കടുത്തുള്ള രഹസ്യസങ്കേതത്തിൽ താവളമുറപ്പിച്ചിരിക്കുന്ന ശത്രുസൈന്യത്തിന് കടന്നാക്രമണം ആരംഭിക്കാൻ പറ്റിയ മുഹൂർത്തം അറിയിക്കുകയായിരുന്നു. നിരായുധരായി വിവാ



ഹാഘോഷത്തിൽ ആഹ്ലാദിക്കുകയായിരുന്ന വേടപ്പട ഈ കൊടുംചതിയെപ്പറ്റി മനസ്സിലാക്കുന്നത് പെട്ടെന്ന് മലവെള്ളംപോലെ അടിച്ചുകയറിയ നായർപട തങ്ങളെ വളഞ്ഞു കഴിഞ്ഞതിനു ശേഷം മാത്രമാണ്. ആവശ്യത്തിലേറെ വാളുകളും പരിചകളുമായി ഒരുങ്ങിനിന്നവർ നിരായുധരായി അവിടെ കൂടിനിന്നവരെയെല്ലാം, വേടരാജാവടക്കം എല്ലാവരെയും നിഷ്പ്രയാസം നിർദ്ദയം അരിഞ്ഞുവീഴ്ത്തി. അങ്ങനെ വയനാട് കീഴടക്കി. വടക്കൻ വയനാട് കോട്ടയംരാജാവും തെക്കൻവയനാട് കുറുമ്പ്രനാട് രാജാവും പങ്കിട്ടെടുക്കുകയും, അവർ വയനാട് പതിനൊന്ന് നാടുകളായി ഭാഗിച്ച് പതിനൊന്ന് നായർപ്രമാണിമാരുടെ ഭരണം ഏർപ്പെടുത്തുകയും ചെയ്തു എന്നാണ് ഐതിഹ്യം[19].

ഈ ആക്രമണത്തിന്റെ ഫലമായി വയനാട്ടിൽ പ്രധാനപ്പെട്ട രണ്ട് ആദിവാസിവിഭാഗങ്ങൾ സൃഷ്ടിക്കപ്പെട്ടതായി കരുതപ്പെടുന്നു. ആക്രമണവേളയിൽ രക്ഷപ്പെട്ട് അകലെയുള്ള കാടുകളുടെയും മലകളുടെയും നിഗൂഢതകളിൽ അഭയം തേടിയവർ കാട്ടുനായിക്കരായി. നായർപടയാളികളുടെ തടവുപുള്ളികളായി പിടിക്കപ്പെട്ടവർ പിന്നീട് ക്ഷത്രിയരാജാക്കന്മാരുടെ കീഴിൽ നാടുഭരിച്ച നാടുവാഴികളായ നായർപ്രമാണിമാരുടെ അടിമത്തം സ്വീകരിച്ച് ജീവിച്ച് പിൽക്കാലത്ത് കുറുമരായി അറിയപ്പെട്ടു എന്നും കരുതപ്പെടുന്നു. പണിയരെപ്പോലെയും അടിയരെപ്പോലെയുമുള്ള മണ്ണിന്റെ മക്കളെല്ലാം നാടുവാഴികൾക്ക് സ്വന്തമായിതീർന്ന വയലുകളിലെ അടിമത്തൊഴിലാളികളായി ജീവിക്കാനും നിർബന്ധിതരായി[20].

## വള്ളിയൂർകാവിലെ അടിമക്കച്ചവടം

ആദിവാസികൾ ഏറ്റവും കൂടുതലുള്ള ജില്ലയായ വയനാട്ടിലെ (വയനാട്ടിൽ പതിനാലുവിഭാഗം ആദിവാസികളുണ്ട്) ആദിവാസികളുടെ അടിമത്ത ജീവിതത്തിലെ രണ്ടാം ഘട്ടമാണ് വള്ളിയൂർകാവിലെ അടിമക്കച്ചവടം. ജനനം മുതൽ മരണംവരെ ഒരു ഉടമയുടെ കീഴിൽ എന്ന സമ്പ്രദായത്തിൽ നിന്ന് മാറി ഒരു വർഷത്തേക്ക് ഒരുടമ എന്ന രീതിയിലേക്കുള്ള മാറ്റം. ആദിവാസി ഗവേഷകനായ കെ. പാനൂർ അതിനെപ്പറ്റി ഇങ്ങനെയെഴുതുന്നു:

"വള്ളിയൂർ കാവിലെ അടിമക്കച്ചവടം നൂറ്റാണ്ടുകളായി തുടർന്നുവന്ന ഒരേർപ്പാടായിരുന്നു എന്നതാണ് സത്യം. മാനന്തവാടിക്കടുത്തുള്ള വള്ളിയൂർകാവിൽ മീനം 1-ാംതീയതി ഉത്സവം തുടങ്ങുന്നു. 14 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവക്കാലത്ത് വയനാട്ടിലെ പണിയരും അടിയരും വള്ളൂരമ്മയുടെ മുമ്പാകെ എത്തിച്ചേരുന്നു. വയനാട്ടിലെ ജന്മിമാരും അന്ന് അവിടെ എത്തും. ഓരോ ജന്മിയും ഒരു കൊല്ലക്കാലം അതായത് വള്ളിയൂർകാവിലെ അടുത്തകൊല്ലത്തെ ഉത്സവം തുടങ്ങുന്നതുവരെ തന്റെ വയലിൽ അടിമജോലി ചെയ്തുകൊള്ളാമെന്ന കരാറിന്മേൽ കാലിച്ചന്തയിൽ നിന്ന് കന്നുകാലികളെ തിരഞ്ഞെടുക്കുന്ന മട്ടിൽ, ഒരുകൂട്ടം പണിയരെയും, അടിയരെയും അന്നവിടെവെച്ച് വള്ളിയൂർകാവിലെ ഭദ്രകാളിയുടെ മുമ്പാകെ അടിമപ്പണം കൊടുത്ത് വിലക്കെടുക്കുന്നു - വിവാഹം കഴിഞ്ഞവരാണെങ്കിൽ ആണിന് 10 ക തോതിലും പെണ്ണിന് 5 ക തോതിലും അടിമപ്പണം കൊടുക്കും. വിവാഹം കഴിഞ്ഞിട്ടില്ലാത്തവർക്ക് 2ക തോതിൽ മാത്രമേ വിലയുള്ളൂ. ജന്മിമാർ ഈ ചടങ്ങ് കാവിൽ വെച്ച് നടത്തുന്നതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളൂ. വള്ളൂരമ്മ ആദിവാസികൾ വളരെയേറെ ഭയപ്പെടുന്ന ദേവതയാണ് - അവർക്ക് ദീനം ഉണ്ടാക്കുന്നതും സുഖപ്പെടുത്തുന്നതും ഈ ദേവതയാണ്. അതുകൊണ്ട് വള്ളൂരമ്മ സാക്ഷിയായി നടക്കുന്ന കരാർ പാലിക്കേണ്ടത് തങ്ങളുടെ കടമയായി അവർ കരുതുന്നു. പ്രവൃത്തിയിൽ ഉപേക്ഷ കാണിക്കുകയോ, ഒളിച്ചോടിപോവുകയോ ചെയ്താൽ ഭദ്രകാളി കോപിക്കുകയും കഠിനരോഗംവരുത്തി ശിക്ഷിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിശ്വാസം. ദേവന്മാരും ജന്മി

മാരും തമ്മിൽ അങ്ങനെയൊരു ധാരണയുണ്ടായിരുന്നു! കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ ഒളിച്ചോടിയവരെ പിടിച്ച് തിരിച്ചേൽപ്പിക്കാൻ പോലീസുകൂടി സഹായിച്ചിരുന്നുപോൽ! ഒരടിമയായാൽ ജന്മിയുടെ വയൽക്കരയിൽത്തന്നെ കുടുമ്പുകെട്ടി താമസിക്കാനുള്ള സൗകര്യം അനുവദിച്ചുകിട്ടും. അങ്ങനെ വള്ളൂരമ്മയുടെ പ്രീതിക്കുവേണ്ടി എന്നതിലേറെ ജന്മി നൽകുന്ന താമസ സൗകര്യത്തിനും 'കാടിക്കഞ്ഞി' ക്കുള്ള വകക്കും വേണ്ടി അവർ അടിമകളായി ജീവിക്കുകയായിരുന്നു[21].

മുപ്പത്തിയഞ്ചുവർഷം അടിമപ്പണിയെടുത്ത, അടിയസമുദായമൂപ്പനും ഗദ്ദികകലാകാരനും ഫോക്ക്ലോർ അക്കാദമി പ്രസിഡണ്ടുമായിരുന്ന പി.കെ. കാളൻ വള്ളിയൂർകാവിലെ അടിമവ്യാപാരരീതി ഇങ്ങനെ ഓർത്തെടുത്തു: "ഉത്സവ ദിവസം ഞങ്ങൾ കുടുംബസമേതം വള്ളിയൂർകാവിലേക്കു പോകും. ഞങ്ങളുടെ മൂപ്പന്മാരൊക്കെ അവിടെ എത്തിയിട്ടുണ്ടാവും. ഞങ്ങൾ വിശാലമായ ക്ഷേത്രമൈതാനത്ത് പായവിരിച്ചും വിരിക്കാതെയും ഇരിക്കും. അപ്പോൾ ഓരോ ജന്മിയും ഇടയിൽവന്ന് അവർക്കിഷ്ടപ്പെട്ട തടിമിടുക്കും ആരോഗ്യവുമുള്ളവരെ തിരഞ്ഞെടുക്കും. 'നിങ്ങൾ ഞങ്ങളുടെ കൂടെ വാ' എന്നു പറയും. ഒടുവിൽ മൂപ്പന്മാരുമായി അവർ കരാർ ഉറപ്പിക്കും. തമ്പുരാൻ ആരെന്നോ എവിടെയുള്ള ആളെന്നോ നോക്കാതെ ഞങ്ങൾ അവരുടെ പിന്നാലെ പോകും. നാൽപ്പതും അമ്പതും അടിമകൾ ഒരു ജന്മിക്കു കീഴിലുണ്ടാകും. തമ്പുരാന്റെ വിശാലമായ കൃഷിയിടത്തിൽ കുടിൽ കെട്ടാൻഅനുവദിക്കില്ല. ഉപയോഗക്ഷമമല്ലാത്ത കാട്ടുപ്രദേശം കാണിച്ചുതരും. ഞങ്ങൾ അവിടെ കുടിലുകെട്ടും. കുടിലിനു ചുറ്റുമുള്ള കാടുവെട്ടിതെളിച്ചു മാവും പിലാവും വാഴയുമെല്ലാം നടും. അവ അൽപ്പം വളരുമ്പോൾ ഉടമ പറയും 'ഇനി നിങ്ങൾ ഇവിടെ താമസിക്കണ്ട, അക്കരെ കുന്നിൽ താമസിച്ചോ' എന്ന്. ഞങ്ങൾ കുടിലും പരിസരവും വിട്ട് അടുത്ത കാട്ടുപ്രദേശത്തേക്കു പോകും. പഴയത് ആവർത്തിക്കും. ഇങ്ങനെ വഞ്ചനയിലൂടെ കാടുതെളിച്ചു തമ്പുരാൻ പാടം വികസിപ്പിച്ചെടുക്കും[22].

വയനാട്ടിലെ അടിമത്തൊഴിലാളിയുടെ ഒരു ദിനം എങ്ങനെയായിരുന്നു എന്ന് തൃശ്ശിലേരിയിലെ മാതൈവൈദ്യർ എന്ന മുൻ അടിമത്തൊഴിലാളി ഓർത്തെടുത്തത് ഇങ്ങനെയാണ് "പുലർച്ചെ കോഴികൂവുന്നത് കേട്ടാൽ വയലിലെത്തണം. ചെറിയ അസുഖങ്ങളൊന്നും ഇതിന് തടസ്സമല്ല. ഏരുകെട്ടൽ (നിലമുഴൽ) ആണെങ്കിൽ 12 മണിവരെ തുടരും. 12 മണിക്ക് പുരുഷന്മാർക്ക് രണ്ടുസേർ നെല്ലും സ്ത്രീകൾക്ക് ഒര സേർ നെല്ലും കൂലിയായി കിട്ടും. അതു കുടിലിൽ കൊണ്ടുപോയി കുത്തി കഞ്ഞിവെച്ച് കുടിക്കും. വീണ്ടും വയലിലേക്ക് പണിക്കിറങ്ങും അല്ലെങ്കിൽ കാടുവെട്ടി തോട്ടമാക്കാൻ കുന്നിൻപ്രദേശങ്ങളിലേക്കുപോകും. ഇരുട്ടു പര ക്കുന്നതുവരെ ജോലി തുടരും. ഉച്ചയ്ക്കുകിട്ടിയ നെല്ലിൽ ബാക്കിയുള്ളതുകൊണ്ട് (ഉണ്ടെങ്കിൽ കഞ്ഞിവെക്കും. പലപ്പോഴും പട്ടിണിയായിരിക്കും. രാവിലെ എന്നും മുഴുപട്ടിണിയാണ് ഭക്ഷണം കഴിക്കാതെയാണ് പണിക്കിറങ്ങുന്നത് നേരം അൽപ്പം വൈകിയാൽ തെറികേൾക്കേണ്ട വരും[23].

വേതനമായി പണം നൽകുന്ന രീതി ഒര ക്കലുമുണ്ടായിരുന്നില്ല. വല്ലി (നെല്ല്) യാണ നൽകിയിരുന്നത്. അതുകൊണ്ട് 'വല്ലിപ്പണി എന്ന് അടിമത്തൊഴിലിനെ വിളിച്ചിരുന്നു 'കുണ്ടൽപ്പണി' എന്നും പറയാറുണ്ട്. എല്ലാ ദിവസവും കൃത്യമായി വല്ലി നൽകുന്ന രീതിയൊന്നു നിലനിന്നിരുന്നില്ല. ഇടിയും തൊഴിയും തെറിയു പതിവായിരുന്നു. അടിമകൾക്കു നാൽക്കാലിക ളേക്കാൾ ഉയർന്ന സ്ഥാനം ഒരു കാലത്തും ഉട കൾ നൽകിയിരുന്നില്ല. എന്നുമാത്രമല്ല, ഒര കാലത്ത് വിൽക്കുവാനും വാങ്ങുവാനും പണയ വെക്കുവാനും പറ്റുന്ന വസ്തുവായിരുന്നു അടിമ കൈപ്പാടൻ എന്ന പണിയനെ സുഭരായപട്ട എട്ടണക്ക് പണയം വെച്ചതിന്റെ രേഖക തുക്കിടി മുൻസിഫ് രേഖകളിൽ ലഭ്യമാണ്.[24] മാന ന്തവാടിയിലെ ഒരു പ്രമുഖ ജന്മി കുടിയേറ്റക്കാ നായ ഒരു കൃസ്ത്യാനിക്ക്, സ്ഥലം വിൽപ്പന ന ത്തിയപ്പോൾ ആധാരവ്യവസ്ഥയിൽ "600 ഏക്ക സ്ഥലവും 60 ആദിവാസി കുടുംബവും" എന്നെ ഴുതിയതായി കെ.ജെ. ബേബി പറയുന്നു[25].

## ഒളിച്ചോട്ടക്കാരെ പിടിക്കാനും അടിമക

വള്ളിയൂർകാവ് സമ്പ്രദായ കാലത്തു അതിനുമുമ്പുള്ള കാലത്തും ദുരിതങ്ങൾ സഹ ക്കവയ്യാതാവുമ്പോൾ അടിമകൾ ഒളിച്ചോടിപ്പ

കുമായിരുന്നത്രെ. 'അനുസരണയില്ലാത്ത' അത്തരം അടിമകളെ തിരഞ്ഞുപിടിക്കാൻ അമ്പും വില്ലുമേന്തി മറ്റടിമകളെ പറഞ്ഞയക്കും. ഒളിച്ചോടിയവനെ കിട്ടിയാൽ കയറിൽ ബന്ധിച്ചു കൊണ്ടുവന്ന് മരത്തിൽ കെട്ടിയിട്ട് ഉടമകൾ ഭീകരമായി മർദ്ദിക്കും. ഇത് മറ്റ് അടിമകൾക്ക് ഒരു പാഠമാവാനാണത്രേ. അടിമയെ മർദ്ദിക്കാൻ മാത്രമല്ല ചൂഷണം ചെയ്യാനും മറ്റൊരടിമയെ ഉപയോഗിച്ചിരുന്നു. അടിമകളെ പണിയെടുപ്പിക്കാനും അവർക്കു മേൽനോട്ടം വഹിക്കാനും അവരിൽ നിന്നുതന്നെ മൂപ്പന്മാരെ ഉടമകൾ അധികാരപ്പെടുത്തിയിരുന്നു. ഒറ്റുകാരായും മർദ്ദകരായും ഇവർ മാറുക വഴി വർഗശത്രുവിനെക്കുറിച്ച് പീഡിതന്റെ പ്രമാണങ്ങളിൽ സ്ഥലജലവിഭ്രാന്തി പരത്തുവാനും അധീശശക്തികൾക്കു സാധിച്ചിരുന്നു.

കടുത്ത ജോലികൾ ചെയ്യുന്ന അടിമകളെക്കൊണ്ട് വീണ്ടും എല്ലുമുറിയെ പണിയെടുപ്പിക്കാൻ തന്ത്രപൂർവം ഉടമകൾ പല ഏർപ്പാടുകളും ചെയ്തിരുന്നു. അതിലൊന്നാണ് 'കമ്പളം'. ഒരു ഭൂവുടമക്ക് വയൽപ്പണി തീരാനുണ്ടെങ്കിൽ (അല്ലെങ്കിൽ വയലിലെ പണികൾ പെട്ടെന്നു തീർക്കണമെങ്കിൽ) ആ വ്യക്തി മൂപ്പനോട് ആവശ്യം പറയും. അയാൾ പണിക്കാരെ അതിന് ഒട്ടം കെട്ടും. പണി ആരംഭിക്കുന്നതിന് മുമ്പ് മദ്യം, മുറുക്കാൻ എന്നിവ നൽകും. വയലിൽ പണി നടക്കുമ്പോൾ ഏതാനും പുരുഷന്മാർ വരമ്പിൽ നിന്ന് തുടികൊട്ടുകയും കുഴൽവിളിക്കുകയും ചെയ്യും. പണിയെടുക്കുന്നവർ പാടുകയും മദ്യലഹരിയിൽ വിശ്രമരഹിതരായി പ്രദോഷം വരെ പണിയെടുക്കുകയും ചെയ്യും. ഒരു തൊഴിലാളി നാലു ദിവസം കൊണ്ടു ചെയ്യേണ്ട ജോലി ഒരൊറ്റ ദിവസം കൊണ്ടുതന്നെ ചെയ്തു തീർക്കും. അടുത്തകാലംവരെ വയനാടൻ വയലുകളിൽ 'കമ്പളം' ഒരു പതിവുകാഴ്ചയായിരുന്നു.

ഓണത്തിനും വിഷുവിനുമൊക്കെ ഒന്നോ രണ്ടോ പറ നെല്ല് കൂടുതൽ കൊടുക്കും. വള്ളിയൂർകാവ് ഉത്സവത്തിന് പോകുമ്പോൾ ഒരു രൂപ കൊടുക്കും. രണ്ടര മീറ്റർ കോറത്തുണി നൽകും. ഇതൊക്കെയാണ് ഒരടിമക്ക് കിട്ടുന്ന വാർഷിക ആനുകൂല്യങ്ങൾ.

പി.കെ. കാളനും, മാതൈവൈദ്യരുംമെല്ലാം തങ്ങളെ അടിമകളാക്കിയ ജന്മിത്തമ്പുരാക്കന്മാരെ ഇന്നും ഓർക്കുന്നു. ശൂലപാണി വാര്യർ, രാമവാര്യർ (കുളിർമാവ്), അനന്തൻ കമ്പോണ്ടർ (പ്ലാമൂല), പരമേശ്വരയ്യർ (ചിറമൂല), അഗസ്ത്യൻ (നരിപ്പറ്റ), അമ്പുഅയ്യർ സ്വാമി (കൈതവള്ളി) മാതുകൊടകൻ (കുടകിലെ വീരകം) അപ്പയ്യർ പട്ടർ (എടപ്പാടി)... ഇവരാരും ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്ന് ഇവരുടെ അടിമയായിരുന്ന കാളൻ പറഞ്ഞു.

### മോചനശ്രമങ്ങൾ

നൂറ്റാണ്ടുകളായി തുടർന്നുവന്ന വയനാട്ടിലെ അടിമക്കച്ചവടത്തിനും അടമിപ്പണിക്കുമെതിരെ സംഘടിതമായ ആദ്യപ്രതിഷേധമുയർത്തിയത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളുടെ ആരംഭത്തിലായിരുന്നു അത്.

ഏ.കെ.ജി. യുടെയും കെ.എ. കേരളീയന്റെയും മുൻകൈയിൽ വയനാട്ടിൽ രൂപീകൃതമായ കർഷകത്തൊഴിലാളി യൂണിയൻ, നെല്ലിനുപുറമെ ഒരു രൂപ നിത്യകൂലിയും വേണമെന്ന് ആവശ്യമുന്നയിച്ചു. പുരുഷന്മാർക്കു നൽകുന്ന രണ്ടുസേർ മൂന്നുസേറായും സ്ത്രീകളുടെ ഒരു സേർ രണ്ടുസേറായും വർദ്ധിപ്പിക്കുവാൻ യൂണിയൻ പനമരം സമ്മേളനത്തിൽ ജന്മിമാരോടാവശ്യപ്പെട്ടു. ഇതിനായി വയനാട്ടിലുടനീളം പ്രചരണജാഥകളും യോഗങ്ങളും നടത്തി. കുറിച്യനേതാവായ കെ.കെ. അണ്ണനും പി.ആർ. വാര്യരുമായിരുന്നു ഇതിനു നേതൃത്വം നൽകിയത്. വെങ്ങപ്പള്ളി, പിണങ്ങോട്, വരയാൽ എന്നിവിടങ്ങളിൽ വല്ലിനെല്ല് വർദ്ധനവിനും കൂലിക്കും വേണ്ടി ഒറ്റപ്പെട്ട സമരങ്ങളുണ്ടായെങ്കിലും 1960–വരെ കർഷകത്തൊഴിലാളി യൂണിയൻ വേണ്ടത്ര സജ്ജീവമായിരുന്നില്ല. കമ്യണിസ്റ്റ് പാർട്ടിയുടെയും കർഷകത്തൊഴിലാളി യൂണിയന്റെയും മേൽനോട്ടത്തിൽ ആദിവാസികൾക്കുവേണ്ടി ഒരു സംഘടന രൂപീകൃതമായത് 1960 ലാണ്. കെ.കെ.അണ്ണൻ ജനറൽസെക്രട്ടറിയായും പട്ടുവം രാഘവൻ പ്രസിഡണ്ടായും രൂപീകരിക്കപ്പെട്ട 'ആദിവാസി സംഘം.' ഹുണ്ടിക കച്ചവടക്കാരുടെ ചൂഷണത്തിനിരയാവുന്ന കർഷകനും, കർഷകന്റെ ചൂഷണത്തിനിരയാകുന്ന കാർഷികത്തൊഴിലാളികൾക്കുംവേണ്ടി ശബ്ദമുയർത്തി. അഞ്ചുവർഷത്തെ പ്രവർത്തനങ്ങൾക്കുശേഷം ഈ സംഘടനയും നിഷ്ക്രിയമായി. ഈ ഘട്ട

ത്തിൽ കർഷകത്തൊഴിലാളിയൂണിയൻ പുനഃസംഘടിപ്പിച്ച് സജീവമാക്കുവാൻ പാർട്ടിയുടെ വയനാടുഘടകം ആലോചിച്ചപ്പോൾ നേതൃത്വം ഏൽപ്പിക്കുവാൻ കണ്ടെത്തിയത് എ.വർഗ്ഗീസിനെയാണ്. പാർട്ടിയുടെ സഹായത്തോടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു ദരിദ്രകുടുംബാംഗമായ വർഗീസ് കണ്ണൂർ കർഷകസംഘം ആഫീസ് സെക്രട്ടറിയായിരുന്നു. വയനാട്ടിലേക്ക് വർഗ്ഗീസിനെവിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് പാർട്ടിയുടെ ജില്ലാസെക്രട്ടറിയായിരുന്ന എ.വി. കുഞ്ഞമ്പുവിന് കെ.കെ. അണ്ണൻ കത്തെഴുതി. 1966-ൽ കർഷകത്തൊഴിലാളി യൂണിയൻ വടക്കെ വയനാട് താലൂക്ക് സെക്രട്ടറിയായി വർഗീസിനെ തെരഞ്ഞെടുത്തു. കർഷകത്തൊഴിലാളികളായ ആദിവാസികളെ അടിമകളെപ്പോലെ കരുതിയിരുന്ന തിരുനെല്ലി, തൃശ്ശിലേരി, പനവല്ലി പ്രദേശങ്ങളിലെ ഭൂവുടമകൾക്കെതിരെ കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ വർഗ്ഗീസ് നടത്തിയ സമരങ്ങളോടെയാണ് വയനാട്ടിൽ അടിമത്തം നിലനിൽക്കുന്നു എന്ന് പുറംലോകം അറിഞ്ഞത്[26].

കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ സമരങ്ങൾ കാരണം ആദിവാസികൾക്ക് കൂലിയിൽ നേരിയ വർധനവ് ഉണ്ടായി. എന്നാൽ നെല്ല് അളക്കുന്ന സേറിൽ (ഒരളവുപാത്രം) കൃത്രിമത്വം കാണിച്ച് ജന്മിമാർ ആദിവാസികളെ വഞ്ചിച്ചുകൊണ്ട് തങ്ങൾക്കുണ്ടായ 'നഷ്ടം' നികത്തുവാൻ തുടങ്ങി. ഈ ഘട്ടത്തിൽ കള്ളനാഴിക്കെതിരെ കമ്യൂണിസ്റ്റ് നേതാവായ വർഗീസിന്റെയും കെ.കെ. അണ്ണന്റെയും മറ്റും നേതൃത്വത്തിൽ സമരം അരങ്ങേറി. മുളനാഴിക്കുപകരം ലിറ്റർ കൊണ്ട് നെല്ലളക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ആദിവാസികളിൽ നിന്ന് പ്രത്യേകിച്ച് വടക്കെ വയനാട്ടിലെ തിരുനെല്ലി, തൃശ്ശിലേരി, കാട്ടിക്കുളം ഭാഗങ്ങളിലുള്ള അടിയാന്മാരിൽ നിന്ന് കമ്യൂണിസ്റ്റ് പാർട്ടിക്ക് വൻപിന്തുണയാണ് ഈ സമരങ്ങൾക്ക് ലഭിച്ചത്.

ആദിവസാസി അടിമക്കച്ചവടം നിയമസഭയിൽ ചർച്ചയായത് 1964-ലാണ്. ഭൂപരിഷ്ക്കരണത്തെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിലാണ് അടിമക്കച്ചവടം വിഷയമായത്. ഭൂപരിഷ്ക്കരണ നിയമങ്ങൾ ഒരു അടിയന്തരാവശ്യമാണെന്ന് സമർത്ഥിക്കുവാനായി, 1964-ലും വയനാട്ടിലെ വൻകിട ഭൂവുടമകളുടെ കീഴിൽ ഇവിടെത്തെ ആദിവാസികൾ വെറും അടിമകളായി നരകിക്കുന്നു എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ഹരിജൻ എം.എൽ.എ. ആയ ഒ. കോരൻ ഒരു പ്രസംഗം നടത്തി. കെ. പാനൂർ രചിച്ച 'കേരളത്തിലെ ആഫ്രിക്ക' തന്റെ വാദം തെളിയിക്കുവാനുള്ള രേഖയായി സ്പീക്കറുടെ മുമ്പാകെ അദ്ദേഹം ഹാജരാക്കുകയും ചെയ്തു. ഇതോടെ നിയമസഭയിലും പുറത്തും വയനാട്ടിലെ അടിമക്കച്ചവടം സജീവമായ ചർച്ചാവിഷയമായി. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ അടിമസമ്പ്രദായം നിലനിൽക്കുന്നു എന്ന് മനസ്സിലാക്കിയ കേരളസർക്കാർ 1976-ൽ അടിമവേല നിർത്തലാക്കുന്ന ഒരു നിയമം കൊണ്ടുവന്നു. കേരളത്തിൽ 702 കുടുംബങ്ങൾ അടിമവേലയിൽ ഏർപ്പെട്ടിരിക്കുന്നതായി ഇതു സംബന്ധിച്ച് നടത്തിയ ഒരു സർവെ വെളിപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ അടിമപ്പണി സമ്പ്രദായം നിർത്തലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 1975-ലെ അടിമപ്പണി സമ്പ്രദായം (നിർത്തലാക്കൽ) ആക്ട് പാസ്സാക്കി. "ഒരു ഭൂവുടമ, പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാളിന്, അയാൾ നേരിട്ടോ, അയാളുടെ കുടുംബാംഗങ്ങൾ മുഖാന്തിരമോ, കൂലി കൂടാതെ അഥാവ കുറഞ്ഞ കൂലിയിന്മേലോ ഒരു നിശ്ചിത കാലത്തേക്കു ജോലി ചെയ്തുകൊള്ളാമെന്ന വ്യവസ്ഥയിന്മേൽ പണം മുൻകൂറായി നൽകിയിരുന്ന സമ്പ്രദായത്തിനു പൂർണ്ണവിരാമമിടുകയായിരുന്നു സംസ്ഥാന അടിമസമ്പ്രദായം (നിർത്തലാക്കൽ) ആക്ടുകൊണ്ടുദ്ദേശിച്ചത്. എന്നാൽ ഇന്ത്യൻ പാർലമെന്റ് പിന്നീട് 1976- ലെ അടിമസമ്പ്രദായം (നിർത്തലാക്കൽ) ആക്ട് (1976 ലെ 19-ാംനമ്പർ കേന്ദ്ര ആക്ട്) പാസ്സാക്കി. ഇന്ത്യ ഒട്ടാകെ വ്യാപ്തിയുള്ള കേന്ദ്ര നിയമം സംസ്ഥാന നിയമത്തെക്കാൾ കൂടുതൽ സമഗ്രമായതും സംസ്ഥാന നിയമപ്രകാരം നിർത്തലാക്കപ്പെട്ട അടിമപ്പണി സമ്പ്രദായം ഉൾക്കൊള്ളുന്നതുമായതുകൊണ്ട് കേരള നിയമസഭ 1977-ൽ സംസ്ഥാന അടിമപ്പണി സമ്പ്രദായം (നിർത്തലാക്കൽ) റദ്ദാക്കൽ ആക്ട് പാസ്സാക്കി.

അടിമവ്യാപാരവും അടിമപ്പണിയും നിരോധിച്ചെങ്കിലും വീടുകൾ കേന്ദ്രീകരിച്ചു നേരിട്ട് അടിമകളെ 'വാങ്ങുന്ന' രീതി വീണ്ടു തുടർന്നിരുന്നെന്ന് പി.കെ. കാളൻ പറഞ്ഞു.[27] വള്ളിയൂർകാവ് അടിമച്ചന്ത മാത്രമാണ് പൂർണമായും

നിരോധിക്കാൻ കഴിഞ്ഞതെന്ന് ചുരുക്കം. അടിമത്തം നിയമം മൂലം നിരോധിച്ചപ്പോൾ അവരുടെ പുനരധിവാസം ഒരു പ്രശ്നമായിത്തീർന്നു. പലരും പഴയ ഉടമകളെ തേടിപ്പോയി എന്നത് ചരിത്രം.

അടിമത്ത നിരോധനവേളയിൽ വള്ളിയൂർകാവിൽ നടന്ന സമ്മേളനത്തിൽ, കേന്ദ്ര സഹമന്ത്രി മൗര്യയുടെ സാന്നിദ്ധ്യത്തിൽ, ഇതിനകം കമ്യൂണിസ്റ്റായിക്കഴിഞ്ഞിരുന്ന പി.കെ.കാളൻ മൂന്ന്കാര്യങ്ങൾ കൂടി നടപ്പിലാക്കാൻ ആവശ്യപ്പെട്ടു. തൊഴിൽ, പുനരധിവാസം, വിദ്യാഭ്യാസം എന്നിവ. ഇവ ആദിവാസികൾക്കു നൽകിയാലേ അടിമത്തനിരോധനം പൂർണ്ണമാവു എന്നദ്ദേഹം പറഞ്ഞു.

## പുനരധിവാസ ശ്രമങ്ങൾ

എഴുപതുകളുടെ ഒടുവിലും എൺപതുകളിലും അടിമത്തൊഴിലാളികളായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ചില പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. സുഗന്ധഗിരി പ്രോജക്ട്, പൂക്കോട് ഡയറി പദ്ധതി, പ്രിയദർശിനി എസ്റ്റേറ്റ് എന്നിവ.

ഇന്ദിരാഗാന്ധിയുടെ ഭരണകാലത്തു നടപ്പിലാക്കിയ പശ്ചിഘട്ട വികസനപദ്ധതിയുടെ ഭാഗമായാണ് സുഗന്ധഗിരി പ്രോജക്ട് ആരംഭിച്ചത്. നിഷിപ്ത വനഭൂമിയിൽ നിന്ന് 1500 ഹെക്ടർ ഭൂമി ഉപയോഗിച്ച് ആദിവാസികളെ പുനരധിവസിപ്പിച്ച പദ്ധതിയായിരുന്നു ഇത്. കോടിക്കണക്കിന് രൂപ ഈ പ്രോജക്ടിന് വേണ്ടി ചിലവഴിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അഞ്ച് ഏക്കർ ഭൂമി വീതം ആദിവാസികൾക്കു നൽകി പ്രോജക്ട് പിരിച്ചു വിടുമെന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. പൂക്കോട് ഡയറി പദ്ധതിയിൽ 1500 ഏക്കർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി നിശ്ചയിച്ചിരുന്നത്. മാനന്തവാടി താലൂക്കിലെ പണിയരെയും അടിയരെയും പുനരധിവസിപ്പിക്കാനായി ആരംഭിച്ച പദ്ധതിയാണ് പ്രിയദർശിനി തേയിലത്തോട്ടം. അഞ്ച് യൂണിറ്റുകളിലായി 2500 ഹെക്ടറിലധികം ഭൂമിയാണ് ഇതിനുള്ളത്. 7 വർഷം കഴിയുമ്പോൾ 5 ഏക്കർവീതം ആദിവാസികൾക്കു പതിച്ചുനൽകുമെന്ന ഉറപ്പിലാണ് പ്രോജക്ട് തുടങ്ങിയത്. ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ആദിവാസി പുനരധിവാസ പദ്ധതി എന്ന ഖ്യാതി ഇതിനുണ്ട്.

ആദിവാസി ക്ഷേമപ്രവർത്തനതങ്ങൾക്കായി കഴിഞ്ഞ അമ്പതു വർഷത്തിനിടെ അനേകം കോടികൾ സർക്കാറുകൾ ചെലവഴിച്ചിട്ടുണ്ട്; നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നിട്ടും ആദിവാസികളുടെ ജീവിതാവസ്ഥ ഇപ്പോഴും ഏറെ മാറ്റങ്ങളില്ലാതെ തുടരുകയാണ്.


അടിമത്തം പൂർണ്ണമായി നിരോധിക്കുകയും അവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്ന നിരവധി നിയമങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ('ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താല്പര്യങ്ങളെ പ്രത്യേക ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കേണ്ടതും സാമൂഹികമായ അനീതികളിൽ നിന്നും എല്ലാ രൂപത്തിലുള്ള ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കേണ്ടതുമാണ്.' എന്ന് ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽപ്പെട്ട 46-ാം അനുച്ഛേദത്തിൽ സർക്കാർ നയത്തെ ചൊല്ലിയുള്ള നിർദ്ദേശക തത്ത്വങ്ങളിൽ പറഞ്ഞിട്ടുണ്ട്.) എന്നിട്ടും മുഖ്യധാരാ സമൂഹത്തോടൊപ്പം എത്തുന്നതിനോ തങ്ങളുടെ ജീവിതത്തിന്റെ നരകീയാവസ്ഥയെ പൂർണ്ണമായും മറികടക്കുവാനോ ഇന്നും അവർക്ക് കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, പലവിധ ചൂഷണങ്ങൾ പുതുരൂപത്തിൽ ഇന്നും നിലനിൽക്കുകയാണ്.

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ പൊതുസമൂഹത്തോടൊപ്പം എത്തുകയും, അവർക്കിടയിൽനിന്നുതന്നെ വിമോചന, നവോത്ഥാന പ്രസ്ഥാനങ്ങൾ ഉണ്ടാവുകയും ചെയ്താലേ ആദിവാസികളുടെ ജീവിതാവസ്ഥ ചൂഷണമുക്തമാകുകയുള്ളു. നൂറ്റാണ്ടുകളോളം അടിമത്താവസ്ഥ അനുഭവിച്ച സമൂഹങ്ങളിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന അപകർഷബോധവും കീഴാള മനോഭാവവും പിഴുതെറിയാൻ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയും അവർക്കിടയിൽ നിന്നുണ്ടാവുന്ന നവോത്ഥാനപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലൂടെയുമാണ് ഏറെ സാധ്യമാവുക. അത്തരത്തിലുള്ള സ്വത്വപരമായ തിരിച്ചറിവുകളും പ്രവർത്തനങ്ങളും ചെറിയതോതിലെങ്കിലും ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ശുഭസൂചനകൾ പല കോണുകളിൽ നിന്നും മുഴങ്ങിത്തുടങ്ങിയിട്ടുണ്ട്.

## അടിക്കുറിപ്പുകൾ

1. ആവേദകൻ :പി.കെ. കാളൻ
കെ.ജെ. ബേബിയുടെ മാവേലിമന്റത്തിൽ ഈ കഥ മറ്റൊരു രീതിയിൽ കാണാം.
2. Kerala Society Papers - Series-5, P-280
3. Buchann, Francies, A Journey from Madras through the countries of Mysore, Canara and Malabar, Vol.1, London, 1807 ഉദ്ധരണി: സമ കാലിക മലയാളം, കേരളം ഇരുപതാം നൂറ്റാണ്ട്, 2000, ജനുവരി 7.
4. മനുസ്മൃതി 1-91
5. മനുസ്മൃതി VIII-410
6. ശാന്തിപർവ്വം 78.17
7. അമരകോശം പുറം 362-65
8. ഘോഷാൽ, ദി ക്ലാസ്സിക്കൽ ഏജ്, പുറം 558, കാത്യായന സ്മൃതി, ശ്ലോകങ്ങൾ 962-63, മൃച്ഛകടികം VIII-25
9. മൃച്ഛകടികം (കർമകാരകപതിപ്പ്) പുറം. 309
10. കാത്യായന സ്മൃതി, ശ്ലോകം 92
11. വിഷ്ണു സ്മൃതി, ശ്ലോകം 882, ബൃഹസ്പതി സ്മൃതി XXV-82-83
12. നാരദ സ്മൃതി, ഢ.41; കാത്യായന സ്മൃതി ശ്ലോകം 724
13. കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ഇന്ത്യ (എഡിറ്റർ:ജെ. റാപ്സൺ) XVII.73
14. മനുസ്മൃതി VIII.-270
15. മനുസ്മൃതി VIII.-277
16. മനുസ്മൃതി VIII.-271
17. മനുസ്മൃതി ആന്റ് യാജ്ഞവൽക്യ പു.റ.150
18. കേരളസംസ്കാര ചരിത്രം -പി.കെ. ഗോപാലകൃഷ്ണൻ. പുറം.416
19. മലബാർ സീരീസ് -വയനാട് -സി. ഗോപാലൻ നായർ
ഉദ്ധരണി: കേരളത്തിലെ അമേരിക്ക, കെ. പാനൂർ, പുറം. 33
20. കേരളത്തിലെ അമേരിക്ക, കെ. പാനൂർ, പുറം. 34
21. കേരളത്തിലെ ആഫ്രിക്ക, കെ. പാനൂർ, പുറം. 99
22. ആഴ്ചവട്ടം, 2006 ജനുവരി 29. വാല്യം 1, ലക്കം 1, ഡോ. അസീസ് തരുവണ എഴുതിയ ലേഖനം, 'അടിമത്ത നിരോധനത്തിന്റെ 30 ആണ്ട് കഴിഞ്ഞിട്ടും അടിമത്തം അവസാനിച്ചിട്ടില്ല'.
23. അതേ ദിനപത്രം, അതേ ലേഖനം
24. കൈപ്പാടനെ പണയം വെച്ചതിന്റെ കോടതി രേഖ, കെ.ജെ. ബേബിയുടെ മാവേലിമന്റ (നോവൽ) ത്തിൽ ചേർത്തിട്ടുണ്ട്.
25. ആഴ്ചവട്ടം ലക്കം 1, വാല്യം 1, അസീസ് തരുവണ എഴുതിയലേഖനം
26. വയനാട് രേഖകൾ - ഒ.കെ.ജോണി, പുറം. 156-157.
27. ആഴ്ചവട്ടം ലക്കം 1, വാല്യം 1, അസീസ് തരുവണ എഴുതിയ ലേഖനം.

**അസീസ് തരുവണ**
സബ് എഡിറ്റർ,
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രാദേശികകേന്ദ്രം
ചെറൂട്ടി റോഡ്, കോഴിക്കോട്.




# ഗണിതശാസ്ത്ര ബോധനം

**ഡോ. കെ. സോമൻ**

പ്രധാനമായും അധ്യാപകവിദ്യാർഥികളെ ഉദ്ദേശിച്ചു തയാറാക്കിയ 'ഗണിതശാസ്ത്രബോധന'ത്തിന്റെ പരിഷ്കരിച്ച പതിനൊന്നാം പതിപ്പാണ് ഈ ഗ്രന്ഥം. ബി.എഡിന്റെ പാഠ്യപദ്ധതിയനുസരിച്ചാണ് ഇത് എഴുതപ്പെട്ടിട്ടുള്ളതെങ്കിലും സെക്കൻഡറി ട്രെയിനിങ് കോഴ്സിലെ അധ്യാപകവിദ്യാർഥികൾക്കും ഗണിതാധ്യാപകർക്കു പൊതുവെയും ഈ ഗ്രന്ഥം വളരെയേറെ പ്രയോജനപ്രദമായിരിക്കും. കാലിക്കറ്റ് സർവകലാശാലയുടെ വിദ്യാഭ്യാസ വകുപ്പിൽ പ്രൊഫസറായിരുന്ന ഡോ. കെ. സോമൻ ആണ് ഈ ഗ്രന്ഥം രചിച്ചത്.

സിൽ: 2538 വില: ₹ 100/-

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്